LIBRARY ARCHIVES Kerala Legislative Assembly

ക്കുള്ളിൽ തുറക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലത്തെ മിനിമം ഡിമാന്റ് ചാർജിൽ നിന്ന് പൂട്ടിക്കിടക്കുന്ന എല്ലാ വ്യവസായങ്ങളെയും ഒഴിവാക്കുന്നതാണ്.

കുട്ടനാട്ടിൽ ജലനിരപ്പ് താഴ്ന്നതുമൂലമുള്ള ശുദ്ധജലക്ഷാമം

ഡോ. കെ. സി. ജോസഫ്: സർ, ശുദ്ധജലക്ഷാമം കൊണ്ട് കുട്ടനാട്ടിലെ ജനങ്ങൾ പരിഭ്രാന്തിയിലാണ്. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും ശുദ്ധജലം ലഭ്യമല്ല. ജലനിരപ്പ് താഴ്ന്നിരിക്കുന്നു. പാടശേഖരങ്ങളിൽ നിന്ന് പമ്പ് ചെയ്യുന്ന മാലിന്യങ്ങൾ, ഹൗസ്ബോട്ടിൽ നിന്ന് വരുന്ന മാലിന്യങ്ങൾ ഇതെല്ലാംമൂലം കുട്ടനാട്ടിലെ ജലാശയങ്ങൾ മലിനീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിയിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കേണ്ടതാണ്. കുട്ടനാടിന് വേണ്ടി ഉണ്ടാക്കിയ പദ്ധതിയനുസരിച്ച് 12 ദശലക്ഷം ലിറ്റർ വെള്ളമെങ്കിലും നൽകണമെന്ന് പറയുന്നുണ്ടെങ്കിലും ഇപ്പോൾ നാല് ദശലക്ഷം ലിറ്റർ വെള്ളംപോലും കൊടുക്കുന്നില്ല. അവിടെ അനുവദിച്ച പദ്ധതികൾ പലതും തുടങ്ങിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ പി.എം.ജി.വൈ. സ്കീമിൽ ഉൾപ്പെടുത്തി നീരേറ്റുപുറത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കുന്നതിന് നാല് കോടി രൂപയുടെ പദ്ധതി അനുവദിച്ചു. പക്ഷേ അതിന് ഇതുവരെ ഭരണാനുമതി കൊടുത്തിട്ടില്ല. അവിടെ രണ്ട് കൊല്ലം മുൻപ് പണിതീർത്ത പള്ളിക്കുട്ടുമ്മൽ ഓവർഹെഡ്ഡ് ടാങ്കിന്റെ പണി തീർന്നുവെങ്കിലും വെർട്ടിക്കൽ കണക്ഷൻ കൊടുക്കാത്തതുകൊണ്ട് അതിനും കണക്ഷൻ ലഭിക്കുന്നില്ല. ടെന്റർ ചെയ്ത മൂന്ന് ഓവർഹെഡ്ഡ് ടാങ്കുകളുണ്ട്. മുട്ടാർ, തലവടി, രാമങ്കരി എന്നിവയുടെ പണി ആരംഭിച്ചിട്ടില്ല. അതിനുള്ള കമ്പിയും സിമന്റും ഇതുവരെ കൊടുത്തിട്ടില്ല. അങ്ങനെ കുട്ടനാടിന്റെ ശുദ്ധജലവിതരണ പദ്ധതികളാകെ സ്തംഭനാവസ്ഥയിലാണ്. ശുദ്ധജലക്ഷാമം വലിയ ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): രണ്ട് മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ പറഞ്ഞത്. ഒന്ന്, നീരേറ്റുപുറം ട്രീറ്റ്മെന്റ് പ്ലാന്റിന് വേണ്ടിയുള്ള അനുമതി; രണ്ട്, പള്ളിക്കുട്ടുമ്മൽ ഓവർഹെഡ്ഡ് ടാങ്ക് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി, മൂന്ന്, കുട്ടനാട് സ്കീമിന്റെ വെള്ളം കുട്ടനാട്ടിൽത്തന്നെ കിട്ടുന്നതിന് വേണ്ടി അതിന്റെ ഒരു ഷെയർ കിട്ടണം. ഈ മൂന്ന് ആവശ്യത്തെക്കുറിച്ചും ഞാൻ നെഗറ്റീവായി പറയുന്നില്ല. അതിന് ചില പ്രയാസങ്ങൾ കൂടിയുണ്ട്. ശുദ്ധീകരണശാലയ്ക്ക് വേണ്ടിയുള്ള സ്ഥലം ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് 7.5 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് നൽകി. പ്രസ്തുത സ്ഥലത്തിന് ഇപ്പോൾ വഴി സൗകര്യം ഇല്ല. അത് ലഭിക്കുന്നതിന് വേണ്ടി സമീപവാസികളുമായി ഗവൺമെന്റ് നീക്കുപോക്ക് നടത്തുന്നുണ്ട്. പഞ്ചായത്ത് കൂടി മുൻകയ്യെടുക്കണം. ബഹുമാനപ്പെട്ട എം.എൽ.എ. കൂടി മുൻകയ്യെടുത്ത് കഴിഞ്ഞാൽ നിശ്ചയമായിട്ടും അടുത്ത സ്റ്റെപ്പിലേയ്ക്ക് പോകാം. ഗവൺമെന്റ് അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

രണ്ടാമത്തേത്, പള്ളിക്കുട്ടുമ്മൽ നിർമ്മിച്ചിരിക്കുന്നതിൽ 7 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല സംഭരണത്തിന് വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന പണികൾ പൂർത്തിയായാലും ഇപ്പോൾ ലഭിക്കുന്ന ജലത്തിന്റെ അളവനുസരിച്ച് പ്രസ്തുത ടാങ്കിൽ നിന്നും എല്ലാ സ്ഥല ത്തേക്കും വെള്ളം എത്തില്ല എന്നതുകാരണം നിരേറ്റുപുറത്തെ നിർദ്ദിഷ്ട ശുദ്ധീക രണശാല പൂർത്തിയായെങ്കിൽ മാത്രമേ പ്രസ്തുത ടാങ്കിൽ ആവശ്യാനുസരണം വെള്ളം എത്തിക്കാൻ കഴിയൂ. അതാണ് പ്രധാനപ്പെട്ട തടസ്സമായി നിൽക്കുന്നത്. ഇതൊക്കെയാണെങ്കിലും ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി യുള്ള നടപടി എടുത്തുവരികയാണ്. അതിനാവശ്യമായ നിർദ്ദേശം കൊടുക്കുന്ന താണ്. മൂന്നാമത്തെ അദ്ദേഹത്തിന്റെ ആവശ്യം, കുട്ടനാട് സ്കീമിൽ നിന്നും ന്യായ മായ വിഹിതം വെള്ളം കുട്ടനാട്ടിൽ എത്തുക എന്നുള്ളതാണ്. ഇത് രണ്ട്, മൂന്ന് പ്രദേശങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഈ വിഷയം ഉന്നയിച്ച ഡോ. കെ. സി. ജോസഫിന് തന്നെ ഇതിന്റെ ബാക്ക്ഗ്രൗണ്ട് അറിയാം. അതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. എന്നാൽപ്പോലും കുട്ടനാടിന്റെ താൽപ്പര്യങ്ങൾ പരിര ക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) കുടുംബി സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. ബാബു: സർ, 500 വർഷം മുമ്പ് ഗോവയിൽ നിന്നു കേരളത്തി ലേയ്ക്ക് കുടിയേറിപാർത്തവരാണ് കുടുംബി സമുദായം, അവർ സാമ്പത്തിക മായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്നവ രാണ്. ഈ സമുദായത്തിലെ ഭൂരിപക്ഷം ആളുകളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കാത്തവരുമാണ്. ഇവരെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1967-ലും 1982-ലും കേന്ദ്ര ത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. എങ്കിലും ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തി യിട്ടില്ല. പല പാർലമെന്ററി കമ്മിറ്റികളും ഇക്കാര്യം പരിശോധിച്ചിട്ടുള്ളതാണ്. ഇപ്പോൾ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ശുപാർശ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ഒരു ഘട്ടമാണെന്നാണ് മനസ്സിലാക്കു ന്നത്. ബഹുഭൂരിപക്ഷം ആളുകളും ഓലമേഞ്ഞ കുടിലുകളിലാണ് താമസിക്കുന്നത്. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു സമുദായം എന്നുള്ള നിലയിൽ, ഈ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട് ഇവർക്ക് ഒരു ശതമാനം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി മുമ്പ് ക്യാബിനറ്റ് തീരുമാനമുണ്ടായ തായി പറയപ്പെടുന്നു. പക്ഷേ ഒരു ജി.ഒ. ഇറങ്ങിയിട്ടില്ല. ഈ ഗവൺമെൻറ് അക്കാര്യം ചെയ്യണം. ഇവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്യണമെന്നും ഒരു ശതമാനം വിദ്യാഭ്യാസ സംവരണം നൽകുന്നതിനു വേണ്ടി തീരുമാനം എടുത്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly